**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3225** **13-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമനിധി പെൻഷൻ അപേക്ഷകർക്ക് അവർ പെൻഷന് അപേക്ഷ സമർപ്പിക്കുന്ന മാസം മുതൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പെൻഷൻ അപേക്ഷയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തുന്ന മാസം മുതൽക്കേ ക്ഷേമനിധി പെൻഷന് അർഹതയുള്ളൂ എന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവ് പെൻഷൻ ഗുണഭോക്താക്കൾക്ക് സാമ്പത്തിക നഷ്ടം വരുത്തുമോ ; ഇക്കാര്യം പരിശോധിച്ചിരുന്നോ; | (ബി) | പെൻഷൻ അപേക്ഷ കിട്ടിക്കഴിഞ്ഞാൽ അത് പരിശോധിച്ച് യഥാസമയം പെൻഷൻ അനുവദിക്കേണ്ടത് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളുടെ ഉത്തരവാദി ത്തമാണ്. യഥാസമയം പെൻഷൻ അനുവദിച്ചാൽ ഗുണഭോക്താക്കൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകില്ല. |
| (സി) | പെൻഷൻ അപേക്ഷ നൽകിയശേഷം അതിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തുന്നതുവരെയുള്ള കാലയളവിലെ പെൻഷൻ നഷ്ടപ്പെടാതിരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | പെൻഷൻ അപേക്ഷ കിട്ടിക്കഴിഞ്ഞാൽ അത് പരിശോധിച്ച് യഥാസമയം പെൻഷൻ അനുവദിക്കേണ്ടത് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളുടെ ഉത്തരവാദി ത്തമാണ്. യഥാസമയം പെൻഷൻ അനുവദിച്ചാൽ ഗുണഭോക്താക്കൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകില്ല. |
| (ഡി) | ഇതിനായി ക്ഷേമനിധി ബോർഡുകളിലെ നിയമാവലിയിൽ/ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകൾ തങ്ങളുടെ നിയമാവലിയിൽ/ ബൈലോയിൽ ഇതിലേക്കാവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ